പാചകവാതക സിലിണ്ടറുകളുടെ കാലപരിധി

215(1284) ശ്രീ. കെ. എം. ഷാജി
ശ്രീ. സി. മോയിൻ കുട്ടി
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാചകവാതകം നിറച്ച് വിതരണം ചെയ്യുന്ന സിലിണ്ടറുകളുടെ ഉപയോഗത്തിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര വർഷമാണെന്ന് വ്യക്തമാക്കുമോ;

(ബി) നിശ്ചിതകാലപരിധി കഴിഞ്ഞവ വീണ്ടും ഉപയോഗിക്കുന്നുണ്ടോ എന്നു കണ്ടെത്താൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കുമോ;

(സി) കാലപരിധി കഴിഞ്ഞവ വീണ്ടും നിറച്ച് വിതരണം നടത്തുന്നതുമൂലമുള്ള അപകടസാദ്ധ്യത കണക്കിലെടുത്ത് ഇതിന്റെ പരിശോധനാ സംവിധാനത്തെ ഊർജ്ജസ്വലമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിശ്ചയിച്ചിട്ടില്ല. എന്നാൽ ഗ്യാസ് സിലിണ്ടർ റൂൾസ് പ്രകാരം കാലാകാലങ്ങളിൽ സിലിണ്ടറുകൾ പരിശോധനയ്ക്ക് വിധേയമാക്കുകയും പരിശോധനയിൽ പരാജയപ്പെടുന്നവ നശിപ്പിക്കുകയും ചെയ്യുന്നു. പരിശോധനയ്ക്ക് വിധേയമാക്കേണ്ട തീയതി സിലിണ്ടറുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

(ബി) ഗ്യാസ് സിലിണ്ടർ റൂൾസ് പ്രകാരം പരിശോധനയ്ക്ക് വിധേയമാക്കേണ്ട സിലിണ്ടറുകൾ ബോട്ട്ലിംഗ് പ്ലാന്റുകളിൽവച്ച് വേർതിരിക്കപ്പെടുകയും പിന്നീട് നടത്തുന്ന പരിശോധനയിൽ യോഗ്യമെന്ന് കണ്ടെത്തുന്ന സിലിണ്ടറുകൾ മാത്രം ഉപയോഗിക്കുകയും ചെയ്യുന്നു എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(സി) ഗ്യാസ് സിലിണ്ടർ റൂൾസ് പ്രകാരം കാലാകാലങ്ങളിൽ നടത്തുന്ന പരിശോധനയിൽ ഉപയോഗയോഗ്യമെന്ന് കാണുന്ന സിലിണ്ടറുകൾ മാത്രമേ വിതരണം നടത്തുവാനായി ഉപയോഗിക്കുന്നുള്ളൂ എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly